ശ്രീ. കെ. ടി. കുണാരൻ:

,, പി. കെ. ശ്രീനിവാസൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എഡ്വിയേഷൻ ട്രെയിനിംഗ് സെൻറുകളിലെ പരീശീലനത്തിനുവേണ്ടി കേരളാ ഗവൺമെൻറ് നൽകുന്ന ഗ്രാൻറ് എത്രയാണ്;

(ബി) ഈ തുകയോടൊപ്പം ഒരു സംഖ്യ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്നുണ്ടോ;

(സി) ഈ തുക കൂടാതെ ഇതിലേക്ക് കേന്ദ്ര ഗവൺമെൻറ് ഈ തുകയുടെ രണ്ടിരട്ടി തുക സെൻററിൻെറ പ്രവർത്തനത്തിന് നൽകിവരുന്നുണ്ടോ;

(ഡി) കേരളാ ഗവൺമെൻറ് നൽകുന്ന ഗ്രാൻറ് ഈയിടെയുണ്ടായ പെട്രോളിൻെറയും സ്പെയർ പാർട്സിൻെറയും വർദ്ധിപ്പിച്ച വില കണക്കിലെടുത്താണോ നൽകുന്നത്?

ഉത്തരം

(എ) കേരള എഡ്വിയേഷൻ ട്രെയിനിംഗ് സെൻററിലെ പരിശീലനത്തിനുവേണ്ടി ഗവൺമെൻറ് നൽകുന്ന വാർഷിക ഗ്രാൻറ് തുക 75,000 രൂപയാണ്. കൂടാതെ സെൻററിൻെറ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് സ്പെഷ്യൽ ഗ്രാൻറും നൽകാറുണ്ട്.

(ബി) ഉണ്ട്. 22 വയസ് കഴിഞ്ഞ വിദ്യാർത്ഥികളിൽനിന്ന് മണിക്കൂർ ഒന്നിന് 81 രൂപ നിരക്കിലും 22 വയസ്സിനു താഴെയുള്ള വിദ്യാർത്ഥികളിൽനിന്ന് മണിക്കൂർ ഒന്നിന് 54 രൂപ നിരക്കിലും പറക്കൽ ഫീസ് ഈടാക്കുന്നുണ്ട്.

(സി) 22 വയസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് 121 രൂപ നിരക്കിലും 22 വയസ്സിനു തഴെയുള്ള വിദ്യാർത്ഥികൾക്ക് 148 രൂപ നിരക്കിലും പറക്കുന്ന ഓരോ മണിക്കൂറിനും സെൻററിന് കേന്ദ്ര ഗവൺമെൻറ് സബ്വെൻഷൻ നൽകിവരുന്നുണ്ട്.

(ഡി) ഈയിടെയുണ്ടായ പെട്രോളിൻെറയും സ്പെയർപാർട്സിൻെറയും വർദ്ധിപ്പിച്ച വില കണക്കിലെടുത്തല്ല കേരള ഗവൺമെൻറ് ഇപ്പോൾ സെൻററിന് ഗ്രാൻറ് നൽകുന്നത്.

വിദേശ മലയാളികൾക്കുവേണ്ടി പദ്ധതി

924 [1696] ശ്രീ. പി. പി. എസ്തോസ്:

,, ജി. വരദൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എം. വി. രാജഗോപാലൻ:

,, സി. ബി. സി. വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദേശ മലയാളികൾക്കുവേണ്ടി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ ഏതു ഏജൻസി മുഖേനയാണ് പ്രാവർത്തികമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓവർസീസ് ഡെവലപ്പ്മെൻറ് ആൻറ് എംപ്ലോയ്മെൻറ് പ്രമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ്, തിരുവനന്തപുരം മുഖേനയാണ് ക്ഷേമപദ്ധതികൾ പ്രാവർത്തികമാക്കുന്നത്.

(ബി) മലയാളികൾ വിദേശത്ത് ജോലിയിലിരിക്കുമ്പോൾ അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തിര സന്ദേശങ്ങൾ കൈമാറുക, പണമിടപാടുകൾ സംബന്ധിച്ച് ഒത്താശകൾ ചെയ്തുകൊടുക്കുക, തൊഴിൽ കണ്ടെത്താൻ മാർഗ്ഗനിർദ്ദേശം നൽകുക, പാസ്പോർട്ട് സംബന്ധമായ സഹായങ്ങൾ ചെയ്യുക, ഇന്ത്യയിൽ തിരിച്ചെത്തിയാൽ സ്വയം തൊഴിൽ കണ്ടെത്തുന്ന കാര്യത്തിലും നികുതിയടക്കുന്ന കാര്യത്തിലും സഹായങ്ങൾ നൽകുക, തുടങ്ങിയ പൊതുവായ ക്ഷേമ പ്രവർത്തനങ്ങൾക്കുപുറമെ വിദേശ മലയാളികളുടെ ഓഹരിമൂലധനം സ്വരൂപിച്ച് സ്പിന്നിംഗ് മില്ല് തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, ഭവനനിർമ്മാണ ബോർഡുമായി സഹകരിച്ച് വിദേശ മലയാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക മുതലായവയാണ് ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

കേരളത്തിലെ റോഡുകളുടെ മോശമായ സ്ഥിതി

925 [1697] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ റോഡുകളുടെ മോശമായ സ്ഥിതിക്കുള്ള കാരണങ്ങൾ കണ്ടുപിടിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ എഞ്ചിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ;

ഉത്തരം

പണത്തിൻെറയും സാധനസാമഗ്രികളുടെയും അപര്യാപ്തത കാരണം യഥാകാലം അറ്റകുറ്റപണികൾ നടത്താത്തതാണ് റോഡുകളുടെ മോശമായ സ്ഥിതിക്ക് പ്രധാന കാരണം. അതിനാൽ ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധ സമിതിയുടെ സേവനം ആവശ്യമുണ്ടെന്നു കരുതുന്നില്ല.

പൊതുമരാമത്തു വകുപ്പിലെ ചീഫ് എഞ്ചിനീയർമാർ

926 [1698] ശ്രീ. വി. വി. ജോസഫ് (കുണ്ടറ:) താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ മരാമത്തുവകുപ്പിൽ എത്ര ചീഫ് എഞ്ചിനീയർമാരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly